## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1415 11-06-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന പുറമ്പോക്ക് ഭൂമിയിലെ വീടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അനൂപ് ജേക്കബ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018-ലെ പ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ച എത്ര വീടുകൾ തകർന്നുവെന്നും ഇപ്രകാരം വീട്ടു തകർന്ന എത്ര പേർക്ക് പകരം ഭൂമി നൽകിയിട്ടുണ്ട് എന്നുമുള്ള വിവരം താലൂക്കടിസ്ഥാനത്തിൽ അറിയിക്കുമോ; | എ) | പ്രളയത്തിൽ പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ച 1283 വീടുകൾ പൂർണ്ണമായും തകർന്നു. ഇവയിൽ 745 പേർക്ക് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. താലൂക്ക് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | ഇപ്രകാരം വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നല്കിയിട്ടുണ്ടെന്നും നല്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ? | ബി) | 11.01.2019-ലെ സ.ഉ.(പി) നം.01/2019/ദു.നിവ. പ്രകാരം സർക്കാർ പുറമ്പോക്കിൽ വസിക്കുന്ന, പ്രളയത്തിൽ ഭാഗികമായി തകർന്ന വീടുകൾക്ക് ദുരിതാശ്വാസ സഹായം നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | താലൂക്ക് | തകർന്ന വീടുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | 17 |
| | നെയ്യാറ്റിൻകര | 3 |
| കൊല്ലം | പുനലൂർ | 1 |
| പത്തനംതിട്ട | തിരുവല്ല | 39 |
| | അടൂർ | 8 |
| | കോഴഞ്ചേരി | 8 |
| | കോന്നി | 10 |
| | റാന്നി | 10 |
| ആലപ്പുഴ | ചെങ്ങന്നൂർ | 16 |
| കോട്ടയം | കോട്ടയം | 3 |
| | വൈക്കം | 4 |
| | മീനച്ചിൽ | 3 |
| | കാഞ്ഞിരപ്പള്ളി | 10 |
| | ചങ്ങനാശ്ശേരി | 13 |
| ഇടുക്കി | ഇടുക്കി | 101 |
| | ദേവികുളം | 97 |
| | ഉടുമ്പൻചോല | 16 |
| | തൊടുപുഴ | 85 |
| | പീരുമേട് | 21 |
| എറണാകുളം | കൊച്ചി | 0 |
| | കോതമംഗലം | 62 |
| | മൂവാറ്റുപുഴ | 5 |
| | ആലുവ | 22 |
| | കുന്നത്തുനാട് | 9 |
| | കണയന്നൂർ | 7 |
| | പറവൂർ | 15 |
| തൃശ്ശൂർ | ചാലക്കുടി | 48 |
| | ചാവക്കാട് | 17 |

| | | |
|---|---|---|
| | കൊടുങ്ങല്ലൂർ | 29 |
| | കുന്നംകുളം | 2 |
| | മുകുന്ദപുരം | 7 |
| | തലപ്പിള്ളി | 10 |
| | തൃശ്ശൂർ | 37 |
| പാലക്കാട് | പാലക്കാട് | 78 |
| | പട്ടാമ്പി | 10 |
| | ആലത്തൂർ | 6 |
| | ചിറ്റൂർ | 2 |
| മലപ്പുറം | തിരൂരങ്ങാടി | 1 |
| | പൊന്നാനി | 70 |
| | തിരൂർ | 17 |
| കോഴിക്കോട് | താമരശ്ശേരി | 2 |
| വയനാട് | വൈത്തിരി | 19 |
| | ബത്തേരി | 15 |
| | മാനന്തവാടി | 85 |
| കണ്ണൂർ | ഇരിട്ടി | 18 |
| കാസർഗോഡ് | 0 | 0 |

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

| ക്രമ നം. | ജില്ല | വിവരം |
|---|---|---|
| 1 | തിരുവനന്തപുരം | ജില്ലയിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ മാറിതാമസിക്കുവാൻ സമ്മതം പ്രകടിപ്പിച്ച ഒരു ഗുണഭോക്താവിന് പ്രസ്തുത ഭൂമി പതിച്ച് നൽകി ടി സ്ഥലത്ത് ഭവന നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ശേഷിക്കുന്ന 19 പേർക്ക് ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ആറ് ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനും നാല് ലക്ഷം രൂപ വീട് വയ്ക്കുന്നതിനും ഉള്ള ധനസഹായം അനുവദിക്കുന്നതാണ്. |
| 2 | കൊല്ലം | പുറമ്പോക്ക് ഭൂമിയിൽപ്പെട്ട 1 വീടിനാണ് പൂർണ്ണ തകർച്ച നേരിട്ടത്. ഈ വ്യക്തിക്ക് ഭൂമി പതിച്ച് നൽകുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| 3 | പത്തനംതിട്ട | 24 പേർക്ക് ധനസഹായം നൽകി. ബാക്കി 51 പേർക്ക് മുത്തൂറ്റ് ഗ്രൂപ്പ് എന്ന സ്പോൺസർ വീട് നിർമ്മിച്ച് നൽകുന്നു. |
| 4 | ആലപ്പുഴ | 16 കുടുംബങ്ങളിൽ 6 പേർ ഭൂരഹിത ഭവന രഹിത പദ്ധതിയിൽ ഉൾപ്പെട്ടവരും ബാക്കിയുള്ള 10 കുടുംബങ്ങളും ക്ലസ്റ്റർ ഹൗസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5 | കോട്ടയം | സ്വന്തമായി സ്ഥലം കണ്ടെത്തുന്നവർക്ക് അത് വാങ്ങുന്നതിനും ലഭ്യമായ സർക്കാർ ഭൂമിയിൽ വീട് വയ്ക്കുന്നതിനും സൗജന്യമായി ലഭിച്ച സ്ഥലത്ത് വീട് വയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 6 | ഇടുക്കി | 101 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| 7 | എറണാകുളം | 35 വീടുകൾ പുനർ നിർമ്മിച്ചു കൊണ്ടിരിക്കുന്നു. 6 വീടുകൾ ഡി.പി.വേൾഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. 18 കുടുംബങ്ങൾക്ക് പുറമ്പോക്ക് സ്ഥലം പതിച്ച് നൽകി. 7 കുടുംബങ്ങൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീട് നിർമ്മിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കണ്ടെത്തുന്ന സ്ഥലത്ത് താമസിക്കുന്നതിന് സമ്മതപത്രം നൽകുന്നവർക്ക് സർക്കാർ വീട് നിർമ്മിച്ച് നൽകി വരുന്നു. |
| 8 | തൃശ്ശൂർ | ഭൂമി നൽകിയിട്ടുള്ളവർക്ക് വീടുകൾ പുനർ നിർമ്മിക്കുന്നതിനായി വിവിധ ഗഡുക്കളായി ധനസഹായ വിതരണം നടന്നു വരുന്നു. |
| 9 | പാലക്കാട് | 2 പേർക്ക് ഭൂമി പതിച്ച് നൽകി. 71 പേർക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ച് നൽകുന്നുണ്ട്. ഒരാൾക്ക് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് ആറ് ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| 10 | മലപ്പുറം | പകരം ഭൂമി കണ്ടെത്തിയിട്ടില്ലാത്തതിനാൽ പൂർണ്ണമായി തകർന്ന വീടുകൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. ഭാഗികമായി തകർന്ന 41 വീടുകൾക്ക് ധനസഹായം വിതരണം ചെയ്തു. |
| 11 | കോഴിക്കോട് | 2 വീടുകൾക്ക് റീബിൽഡ് പദ്ധതി പ്രകാരം ആറ് ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 'കെയർ ഹോം' മുഖേന വീട് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 12 | വയനാട് | 11 പേർക്ക് സൗജന്യമായി ലഭിച്ച ഭൂമിയിൽ വീട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 20 പേർക്ക് സ്പോൺസർഷിപ്പ് മുഖേന സ്ഥലം വാങ്ങി വീട് നിർമ്മാണം നടന്നുവരുന്നു. 3 പേർക്ക് എൻ.ജി.ഒ. ഭൂമി വാങ്ങി നൽകുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. 3 പേർക്ക് ജില്ലാ ഭരണകൂടം നേരിട്ട് നിർമ്മിച്ച് നൽകുന്ന വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. 6 പേരോട് സ്ഥലം കണ്ടെത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 13 | കണ്ണൂർ | 18 കുടുംബങ്ങൾക്കും ഒന്നാം ഗഡുവായ 95,100/- രൂപ അനുവദിച്ചിട്ടുണ്ട്. |
| 14 | കാസർഗോഡ് | പ്രളയം ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ